

# മണ്ഡലകാലമെത്തി പച്ചക്കറി വിലയും ഉയർന്നു

തിരുവനന്തപുരം: മണ്ഡലകാലമെത്തിയതോടെ പച്ചക്കറി വിലയും ഉയർന്നുതുടങ്ങി. പൊതുവിപണിയിലും ഹോർട്ടികോർപ്പിലും മിക്ക പച്ചക്കറിയിനങ്ങൾക്കും കഴിഞ്ഞയാഴ്ചത്തെക്കാൾ 3 മുതൽ ഇരുപത് രൂപ വരെ കൂടി. മണ്ഡലകാലത്തിന് പുറമേ വിവാഹക്കാലം കൂടിയായതോടെ മുരിങ്ങയ്ക്കായുടെയുടെ വില പൊതുവിപണിയിൽ നൂറ് രൂപയായി. കഴിഞ്ഞയാഴ്ചയെക്കാൾ 20 രൂപയാണ് വർദ്ധിച്ചത്. ശബരിമല സീസണിൽ സാധാരണയുണ്ടാകാറുള്ള വർദ്ധനയാണ് പച്ചക്കറികൾക്ക് പൊതുവേയുണ്ടായതെങ്കിലും കഴിഞ്ഞദിവസം ഗജ ചുഴലിയിലും ശക്തമായ പേമാരിയിലും തമിഴ്നാട്ടിൽ പച്ചക്കറികൾക്ക് നാശം സംഭവിച്ചത് വരും ദിവസങ്ങളിലും വില വർദ്ധിക്കാൻ ഇടയാക്കുമെന്ന് കച്ചവടക്കാർ ചൂണ്ടിക്കാട്ടുന്നു.

മണ്ഡലകാലത്ത് ക്ഷേത്രങ്ങളിലെല്ലാം ചിറപ്പും അന്നദാന പരിപാടികളും നടക്കുന്നതിനാൽ പച്ചക്കറികൾക്കും കിഴങ്ങ് വർഗങ്ങൾക്കും പ്രിയം കൂടാറുണ്ട്. പയറിന് മാത്രമാണ് വില കുറഞ്ഞത്. പൊതുവിപണിയെക്കാൾ പയർ, പാവയ്ക്ക, വഴുതന, മുളക്, തക്കാളി, ഇഞ്ചി തുടങ്ങിയ ചില ഇനങ്ങൾക്ക് ഹോർട്ടികോർപ്പിൽ 2 മുതൽ 8 രൂപ വരെ കൂടുതലുണ്ട്. കർഷകരിൽ നിന്ന് സംഭരിക്കുന്ന ജൈവപച്ചക്കറികളായതിനാലാണ് ഇതെന്നാണ് ഹോർട്ടികോർപ്പിന്റെ വിശദീകരണം.

**പച്ചക്കറി വില കി.ഗ്രാമിന് ഹോർട്ടി കോർപ്പ്, പൊതുവിപണി എന്ന ക്രമത്തിൽ**

| | | | | | |
|---|---|---|---|---|---|
| അമര | 27 | 22 | തക്കാളി | 27 | 24 |
| കത്തിരി | 28 | 25 | ചെറുനാരങ്ങ | 90 | 80 |
| വഴുതന | 38 | 35 | മുരിങ്ങയ്ക്ക | 60 | 100 |
| വെണ്ടയ്ക്ക | 20 | 22 | ബീറ്റ്റൂട്ട് | 37 | 37 |
| പാവയ്ക്ക | 73 | 55 | ഇഞ്ചി | 85 | 70 |
| പയർ | 70 | 60 | ചേമ്പ് | 35 | 35 |
| ചെറിയമുളക് | 40 | 25 | ചേമ്പ്‌വലുത് | 70 | 65 |
| വലിയമുളക് | 40 | 38 | സവാള | 28 | 28 |
| മാങ്ങ | 47 | 50 | ചെറിയഉള്ളി | 60 | 55 |
| കാരറ്റ് | 53 | 57 | ഉരുളകിഴങ്ങ് | 37 | 38 |
| ബീൻസ് | 40 | 38 | ചേന | 36 | 30 |
| വെള്ളരി | 25 | 22 | കോവയ്ക്ക | 35 | 40 |

# അടിപൊളി ലുക്കിൽ ഇ- ബസ്



▸ദീപു.ആർ

തിരുവനന്തപുരം: യാത്രയ്ക്കൊപ്പം കാഴ്ചയിലും കൗതുകമാവുകയാണ് കെ.എസ്.ആർ.ടി.സി പുതുതായി നിരത്തിലിറക്കിയ ഇലക്ട്രിക് ബസ്. പുകയും ശബ്ദശല്യവും കുലുക്കവുമില്ല. ശബരിമല സീസൺ പ്രമാണിച്ച് നിലയ്ക്കൽ-പമ്പ റൂട്ടിൽ സർവീസ് തുടങ്ങിയ ബസുകൾ യാത്രക്കെന്നപോലെ ലുക്കിലും അടിപൊളിയാണ്.

ആദ്യഘട്ടത്തിൽ അഞ്ച് ബസുകളാണ് എത്തിയിട്ടുള്ളത്. അഞ്ച് ബസുകൾ കൂടി ഉടനെത്തും. കർണാടക, ആന്ധ്ര, ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, തെലങ്കാന എന്നിവിടങ്ങളിൽ സർവീസ് നടത്തുന്ന ഗോൾഡ് സ്റ്റോൺ ഇൻഫ്രാടെക് ലിമിറ്റഡാണ് കേരളത്തിലും ഇലക്ട്രിക് ബസ് എത്തിച്ചത്.

ചൈനീസ് കമ്പനിയായ ബിവൈഡിയുടെ സാങ്കേതിക സഹകരണത്തോടെയാണ് നിർമ്മാണം. രണ്ടു കോടിയാണ് ബസിന്റെ വില. ഇത് വാങ്ങാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ ബസുകൾ വാടകയ്ക്കെടുത്താണ് കെ.എസ്.ആർ.ടി.സി ഓടിക്കുന്നത്.

കണ്ടക്ടറെ കെ.എസ്.ആർ.ടി.സി നൽകും. വൈദ്യുതി ചാർജ്ജും വഹിക്കും. ഡ്രൈവർ, ടാക്സ്, മെയിന്റനൻസ്, ക്ലീനിംഗ് തുടങ്ങിയവ കമ്പനിയുടെ ചുമതലയാണ്.

## പ്രത്യേകതകൾ

- പുഷ്ബാക്ക് സംവിധാനമുള്ള 33 സീറ്റ്
- 10 വർഷത്തേക്ക് ജി.സി.സി വ്യവസ്ഥയിൽ കരാർ
- ഒരു കി.മീ ഓടാൻ 0.8 യൂണിറ്റ് വൈദ്യുതി
- ഡീസൽ എ.സി ബസുകൾക്ക് കി. മീറ്ററിന് 31 രൂപ ചെലവാകുമ്പോൾ ഇ-ബസിന് 4 രൂപ മാത്രം
- എൻജിന് പകരം പിൻവീലിൽ ഇലക്ട്രിക് മോട്ടോറുകൾ
- ഓട്ടോമാറ്റിക് ഗിയറായതിനാൽ ഡ്രൈവിംഗ് ആയാസരഹിതം
- നിലയ്ക്കലിൽ ഒരേസമയം 5 ബസുകൾ ചാർജ് ചെയ്യാവുന്ന 500 കിലോവാട്ട് ട്രാൻസ്ഫോർമർ, ചാർജിംഗ് സ്റ്റേഷൻ



- **വാടക കി.മീറ്ററിന് 43.20 രൂപ**
- **ബാറ്ററി ചാർജിന് നാല് മണിക്കൂർ**
- **ഒറ്റ ചാർജിൽ 250 കി.മീറ്റർ ഓടും**
- **മണിക്കൂറിൽ 80 കി. മീറ്റർ വേഗം**

## സിനിമ

- ന്യൂ (2323244) :: SCREEN 1 - കായംകുളം കൊച്ചുണ്ണി 11.15, 2.30, 6.15, 9.30)
- SCREEN 2 - ഡ്രാമ (M - 11.15, 2.30, 6.15, 9.30)
- SCREEN 3 - ആനക്കള്ളൻ (M - 11.15, 2.30, 6.15, 9.30)
- ശ്രീകുമാർ (2331222) :: സർക്കാർ (T- 11.15am, 2.30pm, 6.15pm) THIMIRU PUDICHAVAN (T-9.30)
- ശ്രീവിശാഖ് (2331222) :: THIMIRU PUDICHAVAN (T-11.15, 2.30) KAATRIN MOZHI (T- 6.15, 9.30)
- ശ്രീപത്മനാഭ (2473999) :: നിത്യഹരിത നായകൻ (M- 11.00, 2.30, 6.00, 9.30)
- ദേവിപ്രിയ (2473999) :: സർക്കാർ (T- 11.00, 2.30, 6.00, 9.30)
- അജന്ത (2472825) :: ലഡു (M- 11.15, 2.15) JOSEPH (M-6.15, 9.15)
- കൃപ :: ലഡു (M-10.30am, 4.20pm) ഒരു കുപ്രസിദ്ധ പയ്യൻ (M- 12.15, 6.30) RATSASAN (T-12.15, 6.30) THE CRIMES OF GRINDEWALD (E-3.30pm, 9.45pm) BOHEMIAN RHAPSODY (E-6.20pm) സർക്കാർ (T-10.30pm)
- കലാഭവൻ :: മൊട്ടിട്ട മുല്ലകൾ (M -11.30, 2.30) നിത്യഹരിത നായകൻ (M- 6.15, 9.30)
- സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
- കൈരളി (2332747) :: JOSEPH (M- 11.15, 2.30, 6.15, 9.30)
- ശ്രീ (2332747) :: ഒരു കുപ്രസിദ്ധ പയ്യൻ (M- 11.15, 2.30, 6.15, 9.30)
- നിള (2332747) :: സർക്കാർ (M- 11.00, 2.30) JOHNY JOHNY YES APPA (M- 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
- ധന്യ (2476773) :: സർക്കാർ (T - 11.15) ലഡു (M-2.30, 6.15, 9.30)
- രമ്യ (2476773) :: THE CRIMES OF GRINEWALD (E- 11.15, 2.30, 6.15, 9.30)
- ARIESPLEX SL CINEMA: (04714066660) ::
- Audi 1- FANTASTIC BEASTS (E-11.15, 2.45) സർക്കാർ (T- 6.30, 10.30)
- Audi 2- തിമിരു പുടിച്ചവൻ (T- 11.00, 4.30, 10.45) KAATRIN MOZHI (T- 1.30, 8.00)
- Audi 3- 96 (M- 10.30) കായംകുളം കൊച്ചുണ്ണി (T - 1.30, 7.20pm) PIHU (T- 4.30, 10.45)
- Audi 4- നിത്യഹരിത നായകൻ (M- 10.30, 4.30) ലഡു (1.45, 7.45) നിത്യഹരിത നായകൻ (M-4.30pm) JOSEPH (M- 10.45pm)
- Audi 5 - രാക്ഷസൻ (T-11.00am, 10.30pm) സർക്കാർ (T- 2.30pm) FANTASTIC BEASTS (E-7.00pm)
- Audi 6 - JOSEPH (M-10.30am) ഒരു കുപ്രസിദ്ധ പയ്യൻ (M- 1.30, 7.45) BOHEMIAN RHAPSODY (E- 4.45, 10.45)


# കോവളം- ആക്കുളം ജലപാത പ്രതിസന്ധിക്ക് പരിഹാരം ഫ്ലൈ ഓവർ!!

തിരുവനന്തപുരം: സംസ്ഥാനത്ത് 2020ൽ പൂർത്തിയാക്കേണ്ട ജലപാത നിർമ്മാണത്തിനുള്ള തടസങ്ങളൊക്കെ നീക്കാൻ സർക്കാർ ശ്രമം തുടങ്ങി. ഇതിൽ പ്രധാനപ്പെട്ട ഭാഗമായ കോവളം മുതൽ ആക്കുളം വരെ പാർവതി പുത്തനാറിലൂടെയുള്ള 18 കിലോമീറ്റർ ഭാഗത്ത് 160 മീറ്ററോളം സ്ഥലം മണ്ണ് മൂടിക്കിടക്കുകയാണ്. ഇത് നീക്കിയാലേ ജലപാത തുടരാൻ കഴിയൂ.

എന്നാൽ, ഇവിടെ വീണ്ടും കനാൽ വന്നാൽ പനത്തുറയിലെ 190 വീടുകളിലായി 1,000 ഓളം പേർ ഒറ്റപ്പെട്ടുപോകുമോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇത് പരിഹരിക്കാൻ മണ്ണ് നീക്കം ചെയ്തതിന് ശേഷം പനത്തുറയിലോ വാഴമുട്ടത്തോ ഓവർബ്രിഡ്ജ് പണിയുക എന്നതാണ് ഇതു സംബന്ധിച്ച് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം. നാറ്റ്പാക് മുൻ ചെയർപേഴ്സൺ ബി.ജി. ശ്രീദേവിയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതിയാണ് നിർദ്ദേശം സമർപ്പിച്ചത്.

രൂക്ഷമായ കടലാക്രമണം കാരണം ഈ പ്രദേശത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കടൽഭിത്തി നിർമ്മിക്കാൻ ലോറികൾ വന്നത് മണ്ണിട്ട് നികത്തിയ ഈ ഭാഗത്തുണ്ടാക്കിയ റോഡിലൂടെയായിരുന്നു.

കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് ജലപാതയുടെ നിർമ്മാണ ചുമതല. ജലപാത നിർമ്മാണത്തിന്റെ ഭാഗമായി പാർവതി പുത്തനാർ ശുചീകരിക്കാനും ഗതാഗത യോഗ്യമാക്കാനുമായി സർക്കാർ കിഫ്ബി വഴി 150 കോടി രൂപ നൽകിയിട്ടുണ്ട്. ആവശ്യമായ ഭൂമിയേറ്റെടുക്കുക, കനാൽ പരിസരത്ത് അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുക, പാലം, സിവേജ് എന്നിവ നിർമ്മിക്കുക, മണ്ണ് മാന്തുക തുടങ്ങിയവയാണ് ഇനി ചെയ്യാനുള്ളത്.



കടലിനോട് ചേർന്ന് തന്നെ ജലപാത വേണമെന്ന് ചിലർ ശഠിക്കുന്നത് അവിടെ നിന്ന് കുഴിച്ചെടുക്കുന്ന മണൽ കണ്ടിട്ടാണ്.

**ശിവപ്രസാദ്,** മത്സ്യപ്രവർത്തക സംഘം സംസ്ഥാന സെക്രട്ടറി

## പ്രതിസന്ധിയിലാകും

കടൽക്ഷോഭമുണ്ടാകുന്ന തീരത്തുകൂടി പുതിയ കനാൽ പണിയുന്നത് അപകടകരമാണെന്ന് തീരദേശവാസികൾ പറയുന്നു.

ഇതിന് പകരം കുറച്ചുകൂടി ഉള്ളിലേക്ക് മാറി ഇടിഞ്ഞകര കുനംതുരുത്തി പുതുവൽ വഴി ജലപാത ഉണ്ടാക്കുകയാണെങ്കിൽ അവിടെ ഓവർ ബ്രിഡ്ജ് പണിതാലും കുഴപ്പമുണ്ടാകില്ല. തീരത്തുകൂടിയാണ് ജലപാത പോകുന്നതെങ്കിൽ അവിടെ പാലം പണിയാൻ പറ്റില്ല. ഹൈഡ്രോളിക് പാലം പണിയുകയാണെങ്കിലും ഉപ്പുകാറ്റേറ്റ് അത് തകരാറിലാകും എന്ന് മത്സ്യത്തൊഴിലാളികൾ ഭയപ്പെടുന്നു.

നിരവധി സഹകരണ സംഘങ്ങളും തൊണ്ടുതല്ലി ഉപജീവനം നടത്തുന്ന നിരവധി കയർത്തൊഴിലാളികളും ഇതോടെ പ്രതിസന്ധിയിലാകും.

## info line

**പൊലീസ്**
- ഹെൽപ്‌ലൈൻ.........9846100100
- വനിതാ ഹെൽപ്.............9995399953
- ക്രൈംസ്റ്റോപ്പർ..........................1090
- പൊലീസ് കൺട്രോൾ റൂം............100
- സൈബർക്രൈം................2556179
- ഡി.ജി.പി.....................9497999999
- കമ്മിഷണർ..................9497996991
- റെയിൽവെ ഹെൽപ്പ്..................182
- ട്രാഫിക്.......................2558731/1099
- വിജിലൻസ്.........................2305393

**ആംബുലൻസ്**
- കെംപ്.... 108, നഗരസഭ .....2320821
- രഞ്ജിത്ത്......................9387822267
- ശിവജി..........................9605610100
- അമ്മ ..........................9744240002
- പ്രവാസി.......................9633142524

**മൊബൈൽ മോർച്ചറി**
9744240002, 9746100079, 2442008, 9495440853, 9605610100
- ഫയർഫോഴ്സ് ...............................101
- ചെങ്കൽചൂള ............................2333101
- ചാക്ക ..........................................2501255

**ക്രിട്ടിക്കൽ കെയർ**
- അനന്തപുരി.............................2579900,
- കിംസ്.........................................2447575
- എസ്.യു.റ്റി........4077777, 4177777
- ശിവഗിരി മിഷൻ ഹോസ്പിറ്റൽ......0470 2602248, 2602249
- മരുന്നുകട 24 മണിക്കൂർ (SAT) .......04712555968, 2528305
- ബ്ലഡ്ബാങ്ക്.........................2528230
- പെറ്റ്ഡോക്ടർ..............9387810799
- വൈദ്യുതി ശ്മശാനം...........2115088

- ഡ്രയിനേജ്.........2479502, 2303170
- വാട്ടർ അതോറിട്ടി............2322674

**കെ.എസ്.ആർ.ടി.സി**
- കൺട്രോൾ റൂം....................2463799
- തമ്പാനൂർ..........................2323886
- കിഴക്കേകോട്ട ....................2463029
- തമിഴ്നാട് ..............................2327756
- ആർ.ടി ഓഫീസ്....................2469223
- കെ.എസ്.ഇ.ബി..........................1912
- ട്രെയിൻ അലർട്ട്..........9846200100
- നഗരസഭാ എൻക്വയറി.......2320821

- ചൈൽഡ്‌ലൈൻ.....................1098
- പി.എസ്.സി .......................2554000
- കേരള യൂണിവേഴ്സിറ്റി......2305994
- ജില്ലാകളക്ടറേറ്റ്....................2731200
- ഫിംഗർടിപ്പ്.........................2722722

**പാമ്പിനെ പിടിക്കാൻ**
- വാവ സുരേഷ്............9387974441

**ടയർ പഞ്ചർ**
- ടോണി...........................9387806444
- ഹുസൈൻ...................8606396048